3. ഫിഷറീസ് വകുപ്പിന്റെ അധീനതയിൽപ്പെട്ടതും, മത്സ്യത്തൊഴിലാളികളുടെ കൈവശത്തിലുള്ളതുമായ സ്ഥലത്തിന് ഫിഷറീസ് വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകും.

4. തുറമുഖ വകുപ്പിന്റെ സ്ഥലം മത്സ്യത്തൊഴിലാളികളുടെ കൈവശത്തിലാണെങ്കിലും വിജ്ഞാപനം ചെയ്യപ്പെട്ടതായ സ്ഥലം പട്ടയം നൽകാൻ പാടില്ല. തുറമുഖ വകുപ്പ് തുറമുഖ സ്ഥലമെന്ന് വിജ്ഞാപനം ചെയ്യപ്പെട്ട സ്ഥലത്തെ സംബന്ധിച്ച് സർവ്വേ നമ്പറും സ്കെച്ചും സഹിതം ജില്ലാ കളക്ടറെ അറിയിക്കേണ്ടതാണ്. വിജ്ഞാപിത സ്ഥലത്തിന് പുറത്തുള്ള കൈവശ സ്ഥലങ്ങൾക്കുള്ള അപേക്ഷകളിന്മേൽ ഫിഷറീസ് വകുപ്പിന്റെയും തുറമുഖ വകുപ്പിന്റെയും തടസ്സവാദങ്ങൾ കണക്കിലെടുത്തശേഷം ജില്ലാ കളക്ടർ ഉചിതമായ തീർപ്പു കൽപ്പിക്കുന്നതാണ്.

(5) പട്ടയം നൽകുന്നതിന് സാങ്കേതിക തടസ്സമുള്ള കേസുകളിൽ കൈവശരേഖ നൽകുന്നതാണ്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) . ത്വരിതനടപടി സ്വീകരിക്കുന്നുണ്ട്.

(എഫ്) അർഹരായ എല്ലാപേർക്കും ഒരു വർഷത്തിനകം പട്ടയം നൽകുകയെന്നതാണ് സർക്കാർ നയം.

സാമൂഹ്യക്ഷേമ വകുപ്പിന്റെ പരിപാടികൾക്കുള്ള ലോകബാങ്ക് സഹായം

15 (*422) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ പരിപാടികൾക്കുവേണ്ടി ലോകബാങ്ക് എന്തെല്ലാം സഹായം നൽകുന്നുണ്ട് ;

(ബി) ഏതെല്ലാം പരിപാടികൾക്കാണ് സഹായം നൽകുന്നത് ;

(സി) അവർ നൽകുന്ന തുക ഗ്രാന്റായിട്ടാണോ ലോൺ ആയിട്ടാണോ എന്ന് വിശദീകരിക്കുമോ ;

(ഡി) ഇത് വായ്പയാണെങ്കിൽ എന്ത് വ്യവസ്ഥകളിലാണ് അനുവദിച്ചിട്ടുള്ളത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക ഇപ്രകാരം ലോകബാങ്കിൽ നിന്നും ലഭിച്ചു ;

(എഫ്) ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ടുകളിലൂടെ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ പരിപാടികൾ വിജയകരമാണോ എന്നതിനെപ്പറ്റി ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനു വേണ്ടിയുള്ള സംയോജിത ശിശു വികസന പദ്ധതി (ഐ.സി.ഡി.എസ്. ഫേസ് II) ക്ക് ലോക ബാങ്ക് ധനസഹായം നൽകുന്നുണ്ട്. അതുപോലെ ഐ.സി.ഡി.എസ്. പദ്ധതിയിലെ പരിശീലന പരിപാടിയായ 'ഉദിഷ' യ്ക്കും ലോകബാങ്ക് ധനസഹായം നൽകുന്നുണ്ട്.

(ബി) പുതിയതായി തുടങ്ങുന്ന 43 ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ ചെലവിനായും നിലവിലുള്ള 37 പ്രോജക്ടുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പദ്ധതിയിലെ പ്രവർത്തകരുടെയും ഇതുമായി ബന്ധപ്പെട്ട ഇതര മേഖലകളിൽ പ്രവർത്തിക്കുന്നവരുടേയും കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുമുള്ള പരിശീലനത്തിനുമാണ് സഹായം നൽകുന്നത്.

(സി) ലോകബാങ്ക് സഹായം കേന്ദ്രസർക്കാരിന് ലോൺ ആയി നൽകുകയും ആയത് കേന്ദ്രസർക്കാർ 100% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന സർക്കാരിന് ഗ്രാന്റായി അനുവദിക്കുകയുമാണ് ചെയ്യുന്നത്.

(ഡി) സംസ്ഥാന സർക്കാരിന് ഈ തുക വായ്പയായിട്ടല്ല ലഭിക്കുന്നത്.

(ഇ) 10.31 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. 'ഉദിഷ' പദ്ധതിയ്ക്കായി 4 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(എഫ്) ഐ.സി.ഡി. എസ്. പദ്ധതി വിഭാവന ചെയ്തിട്ടുള്ള രീതിയിൽ കുട്ടികളുടെയും സ്ത്രീകളുടേയും സമഗ്രവികസനത്തിനായി പോഷകാഹാര വിതരണം, പ്രതിരോധ കുത്തിവയ്പ്പുകൾ, ആരോഗ്യപരിശോധന, പശ്ചാത്തല സേവനം, ആരോഗ്യ പോഷണ വിദ്യാഭ്യാസം, അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നീ സേവനങ്ങൾ നടപ്പാക്കുന്നു.

(ജി) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഐ.സി.ഡി.എസ്. പദ്ധതിയുടെ വിജയത്തെക്കുറിച്ച് വിലയിരുത്തുന്നതിന് സോഷ്യൽ അസസ്മെന്റ് നടത്താൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ആയത് പരിപാടിയുടെ ഭാഗമായി നടത്തുന്നതാണ്.

അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വ്യവസായങ്ങൾ

16 (*424) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു ;

LIBRARY ARCHIVES Kerala Legislative Assembly